# കേരള സർവകലാശാല

നം.പി.ആർ.216/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### തീയതി നീട്ടി

2019 ഒക്ടോബർ 30 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി (3 വർഷം) പരീക്ഷാഫീസ് (2013 അഡ്മിഷൻ വിദ്യാർഥികൾക്ക് മാത്രം) അടയ്ക്കാനുള്ള അവസാന തീയതി ഒക്ടോബർ 21 ലേക്ക് നീട്ടിയിരിക്കുന്നു.

### പരീക്ഷാ ഫീസ്

2019 നവംബർ 6ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ബി.എഡ് ഡിഗ്രി ( 2019 സ്കീം - റഗുലർ & 2015 സ്കീം - ഇംപ്രൂവ്മെൻറ്/ സപ്ലിമെൻററി) പരീക്ഷക്ക് പിഴകൂടാതെ ഒക്ടോബർ 24 വരെയും 150 രൂപ പിഴയോടുകൂടി 26 വരെയും 400 രൂപ പിഴയോടുകൂടി 29 വരെയും ഫീസടച്ച് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷൻ ഒക്ടോബർ 16ന് ആരംഭിച്ചു.

### ടൈംടേബിൾ

നാലാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്സി ഫിസിക്സ് (മേഴ്സി ചാൻസ് 2010, 2011 അഡ്മിഷൻ : സപ്ലിമെൻററി 2012 അഡ്മിഷൻ) പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ 31 ന് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

നാലാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്സി ഫിസിക്സ് ( 2017 അഡ്മിഷൻ റെഗുലർ 2016 അഡ്മിഷൻ ഇംപ്രൂവ്മെൻറ് 2014 & 2013 അഡ്മിഷൻ സപ്ലിമെൻററി) പ്രാക്ടിക്കൽ പരീക്ഷ 2019 ഒക്ടോബർ 24 മുതൽ നടത്തുന്നതാണ്.പുതുക്കിയ ടൈംടേബിൾ പ്രകാരമുള്ള ബി.എസ്സി സുവോളജി പ്രാക്ടിക്കൽ പരീക്ഷ 2019 ഒക്ടോബർ 22 മുതൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

2019 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്സി ഫിസിക്സ് ആൻഡ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പ്രോഗ്രാമിന്റെ കോർ ഫിസിക്സ് പരീക്ഷകൾ ഒക്ടോബർ 18 നും 22 നും അതത് പരീക്ഷാകേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നതാണ് വിശദമായ ടൈംടേബിൾ യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫലം

2019 ജൂലൈയിൽ നടന്ന അഞ്ചും ആറും സെമസ്റ്റർ ബി.ബി.എ (വിദൂരവിദ്യാഭ്യാസം) സപ്ലിമെൻററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദമായ പരീക്ഷാഫലം വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ നിന്നും ലഭ്യമാണ്. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കേണ്ട അവസാന തീയതി ഒക്ടോബർ 31.

2019 സെപ്റ്റംബറിൽ നടന്ന നാലാം സെമസ്റ്റർ എം.എ ഫിലോസഫി, എം.എ സംസ്കൃതം ലാംഗേജ് ആൻഡ് ലിററേച്ചർ, എം.എ ബിസിനസ് എക്കണോമിക്സ്, എം.എ പബ്ലിക്

അഡ്മിനിസ്ട്രേഷൻ, ,എം.എ ഹ്യൂമൻ റിസോഴ്സ് മാനേജ്മെൻറ് എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ.

2019 സെപ്റ്റംബറിൽ നടന്ന നാലാം സെമസ്റ്റർ എം.എ തമിഴ് പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു .സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി ഒക്ടോബർ 26. വിശദ വിവരം വെബ്സൈറ്റിൽ.

**തിരുവനന്തപുരം.**
16.10.2019



**പബ്ലിക് റിലേഷൻസ് ഓഫീസർ**

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**